നോട്ട് ഫയലുകളിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി എഴുതുന്ന ഒരു ജീവനക്കാരനെതിരെ ഏതെല്ലാം സർവ്വീസ് ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കാം എന്ന് വ്യക്തമാക്കുമോ ; വ്യക്തമായ ചട്ടവും കോടതി വിധികളും പ്രീസിഡന്റുമുള്ളപ്പോൾ അവയ്ക്ക് വിരുദ്ധമായ അഭിപ്രായങ്ങൾ എഴുതുന്ന ജീവനക്കാർക്കെതിരെ വകുപ്പ് മേധാവികൾക്ക് സ്വീകരിക്കാവുന്ന ശിക്ഷണ നടപടികൾ എന്തൊക്കെയാണ് ; ഏതൊക്കെ ചട്ടങ്ങൾ പ്രകാരമാണ് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസസ് ആക്ടും അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളുടെയും മറ്റ് എക്സിക്യൂട്ടീവ് ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) ഇല്ല. ബാധകമല്ല.

(ഡി) KSR, KS&SSR's എന്നിവയിലെ സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ നടപ്പിലാക്കുവാൻ വകുപ്പ് മേധാവികൾ ബാദ്ധ്യസ്ഥരാണ്.

(ഇ) ഇല്ല.

(എഫ്&ജി) പ്രധാനപ്പെട്ട ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.* സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. ഡ്യൂട്ടിയിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ KCS (CC & A) റൂൾസ് പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

സർക്കാർ സർവ്വീസിൽ ജോലിക്ക് അപേക്ഷിക്കാനുള്ള കുറഞ്ഞ പ്രായപരിധി

87 (1953) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലിക്ക് അപേക്ഷിക്കാനുള്ള കുറഞ്ഞ പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള വ്യവസ്ഥ പ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രായപരിധി അതാതുവർഷം ജനുവരി ഒന്ന് എന്ന് വിജ്ഞാപനം ചെയ്യുന്നതുമൂലം ജനുവരി 2 മുതൽ ഡിസംബർ 31 വരെയുള്ള വിജ്ഞാപനകാലയളവിൽ നിശ്ചിത പ്രായം പൂർത്തിയാകുന്നവർക്ക് അപേക്ഷിക്കാനുള്ള അവസരം നഷ്ടമാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പെൻഷൻ പറ്റുന്ന തീയതിയുടെ കാര്യത്തിൽ നിലനിന്നിരുന്ന അപാകത പരിഹരിച്ച് നീതി നടപ്പാക്കിയ തത്വത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷിക്കുന്നതിനുള്ള വയസ്സിന്റെ കാര്യത്തിലും വിജ്ഞാപന വർഷത്തിലെ ഡിസംബർ 31 വരെയുള്ള തീയതിയിൽ നിശ്ചിത കുറഞ്ഞ/കൂടിയ പ്രായമെത്തുന്നവർക്ക് അപേക്ഷിക്കാനുള്ള അവസരം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഓരോ തസ്തികയ്ക്കും നിയമനത്തിനായുള്ള കുറഞ്ഞ പ്രായപരിധി, ആ തസ്തിക ഉൾപ്പെടുന്ന സ്പെഷ്യൽ റൂളിലാണ് നിശ്ചയിച്ചിരിക്കുന്നത്. പൊതു തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 18 വയസാണ്.

(ബി&സി) പി.എസ്.സി. വിജ്ഞാപനം ക്ഷണിക്കുന്ന കലണ്ടർ വർഷത്തിൽ ഉയർന്ന പ്രായപരിധി കഴിയുന്ന ഉദ്യോഗാർത്ഥികൾക്ക് ഒരു അവസരംകൂടി ലഭ്യമാക്കുന്ന തരത്തിലാണ് വിജ്ഞാപന വർഷം ജനുവരി ഒന്ന് അടിസ്ഥാനപ്പെടുത്തി കുറഞ്ഞ/ഉയർന്ന പ്രായപരിധി നിശ്ചയിച്ചിരിക്കുന്നത്. പ്രായപരിധി സംബന്ധിച്ച് നിലവിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന പക്ഷം വിജ്ഞാപന വർഷം ഉയർന്ന പ്രായപരിധി കഴിയുന്നവർക്ക് ഇപ്പോൾ ലഭ്യമാകുന്ന ഈ ആനുകൂല്യം നഷ്ടമാകും. കുറഞ്ഞ പ്രായപരിധിയും ഉയർന്ന പ്രായപരിധിയും രണ്ട് വ്യത്യസ്ത തീയതികൾ വച്ച് കണക്കാക്കുന്നത് പ്രായോഗികമാവില്ല.

ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തൽ

88 (1954) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി. എന്നീ സ്ഥാപനങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി. എന്നിവിടങ്ങളിലെ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ്, സെക്യൂരിറ്റി ജീവനക്കാർ എന്നിവർക്ക് പൊതുലിസ്റ്റ് തയ്യാറാക്കുന്നതു പോലെ ഈ സ്ഥാപനങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി പൊതു റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly